പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 918 | 14-10-2026-ൽ മറുപടിയ്ക്ക്

**ഫോർട്ട് കൊച്ചി - മട്ടാഞ്ചേരി ബോട്ട് റൂട്ടിലെ ഡ്രെഡ്ജിംഗ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് | ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** ഫോർട്ട് കൊച്ചി - മട്ടാഞ്ചേരി ബോട്ട് റൂട്ടിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്നതിനായുള്ള മേജർ ഇറിഗേഷൻ വകുപ്പിന്റെ 'റീച്ച് III' പ്രവൃത്തി ജൂലൈ, ആഗസ്റ്റ് മാസങ്ങളിലും പൂർത്തിയാകാതെ മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(ബി)** ഡ്രെഡ്ജിംഗ് കൃത്യസമയത്ത് പൂർത്തിയാക്കാത്തത് മൂലം ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവീസുകൾ നിർത്തിവെച്ചിരിക്കുന്ന സാഹചര്യം പരിഹരിക്കുന്നതിനും കരാർ വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാരനെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

**മറുപടി:** ഡ്രഡ്ജിങ് കൃത്യസമയത്ത് പൂർത്തിയാക്കാത്തത് കാരണം കരാർ വ്യവസ്ഥകൾ പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ 01.01.2025 തീയതിയിൽ പ്രസ്തുത പ്രവൃത്തി ടെർമിനേറ്റ് ചെയ്തിരുന്നു.

**(സി)** പ്രസ്തുത 'റീച്ച് III' ഡ്രെഡ്ജിംഗ് പ്രവൃത്തി എന്ന് പൂർത്തിയാക്കി സാധാരണക്കാരായ യാത്രക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ബോട്ട് ഗതാഗതം പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 1,2,3 എന്നീ പ്രവൃത്തികളാണ് ആരംഭിച്ചത്. റീച്ച് 1, റീച്ച് 2 എന്നീ പ്രവൃത്തികൾ 18.07.2026 തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ റീച്ച് 3 (ഏകദേശം 600 മീറ്ററോളം) പ്രവൃത്തി പൂർത്തിയാക്കാത്തതിനെ തുടർന്ന് കരാർ വ്യവസ്ഥകൾ പ്രകാരം കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്തിരുന്നു. തുടർന്ന് കരാറുകാരൻ ബഹു. ഹൈക്കോടതിയെ സമീപിച്ച് അനുകൂല ഉത്തരവ് ലഭ്യമാക്കിയതിനെ തുടർന്ന് പ്രസ്തുത ടെർമിനേഷൻ റിവോക്ക് ചെയ്തിട്ടുള്ളതാണ്. എന്നാൽ ശേഷിക്കുന്ന ചെയ്യാനുള്ള പ്രവൃത്തിയുടെ 30% തുക പി ഡബ്ല്യൂ ഡി മാനവൽ അനുശാസിക്കുന്ന പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരൻ സമർപ്പിക്കാത്തതിനാൽ കരാർ ക്രമവത്കരിക്കുന്നതിനായുള്ള സപ്ലിമെന്ററി എഗ്രിമെന്റ് ചെയ്യാൻ സാധിച്ചിട്ടില്ല. നിർദ്ദിഷ്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരൻ അടയ്ക്കുന്ന മുറയ്ക്ക് എഗ്രിമെന്റ് പുതുക്കി നൽകി പ്രവൃത്തി പുനരാരംഭിക്കാൻ കഴിയുന്നതാണ്.

**(ഡി)** ഫോർട്ട് കൊച്ചി ബീച്ച് പരിസരത്ത് സ്ഥാപിച്ചിട്ടുള്ള പ്രീ-ഫാബ്രിക്കേറ്റഡ് ശൗചാലയങ്ങൾക്ക് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കി അവ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ഫോർട്ട് കൊച്ചി ബീച്ച് പരിസരത്ത് സ്ഥാപിച്ചിട്ടുള്ള പ്രീ-ഫാബ്രിക്കേറ്റഡ് ശൗചാലയങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തുക കോർപ്പറേഷൻ അടവാക്കിയിട്ടുള്ളതാണ്.. കണക്ഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

**സെക്ഷൻ ഓഫീസർ**